പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2065 13.06.2019 ൽ മറുപടിക്ക്

## ആർദ്രം മിഷനിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ ആശുപത്രികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ എത്ര ആശുപത്രികൾ റാന്നി നിയോജകമണ്ഡലത്തിൽ ഉണ്ട്; അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | റാന്നി നിയോജക മണ്ഡലത്തിൽ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കിയ 8 ആശുപത്രികൾ ഉണ്ട് .<br>1. സാമൂഹികാരോഗ്യകേന്ദ്രം, എഴുമറ്റൂർ<br>2. സാമൂഹികാരോഗ്യകേന്ദ്രം ,വെച്ചൂച്ചിറ<br>3. കുടുംബാരോഗ്യകേന്ദ്രം,കോട്ടാങ്ങൽ<br>4. കുടുംബാരോഗ്യകേന്ദ്രം,വടശ്ശേരിക്കര<br>5. പ്രാഥമികാരോഗ്യകേന്ദ്രം,ചെറുകോൽ<br>6. പ്രാഥമികാരോഗ്യകേന്ദ്രം,റാന്നി-പഴവങ്ങാടി<br>7. പ്രാഥമികാരോഗ്യകേന്ദ്രം,നാറാണംമൂഴി<br>8. പ്രാഥമികാരോഗ്യകേന്ദ്രം,തെള്ളിയൂർ |
| (ബി) | **കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം അറിയിക്കാമോ; ഒരേ സമയം എത്തൊക്കെ ജീവനക്കാരുടെ** സഹായമാണ് ഇവിടെ നിന്നും ലഭിക്കുക; | (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ്.ഇവിടെ ഒരേസമയം ഡോക്ടർ,സ്റ്റാഫ് നേഴ്സ്,ഫാർമസിസ്റ്റ് ,ലാബ് ടെക്നീഷ്യൻ,നേഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ സേവനം ലഭ്യമാകുന്നുണ്ട്. |
| (സി) | കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിലെ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ടോ; പുതുതായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഉണ്ട് .HbAIC Machine,Hematology, Analyzer,Semi Automatic Analyzer,Reagents,manpower ഇവ ഒരുക്കിയിട്ടുണ്ട് .ഇവ ഉപയോഗിച്ച് ചെയ്യാവുന്ന ടെസ്റ്റുകളും മറ്റ് കാർഡ് ടെസ്റ്റുകളും (ഡെങ്കിപ്പനി,എലിപ്പനി,മഞ്ഞപ്പിത്തം,മലേറിയ തുടങ്ങിയവ) നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ